**പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (ഭരണവിഭാഗം, തിരുവനന്തപുരം)**

**നടപടിക്രമം**

വിഷയം:- ജീവനക്കാര്യം- പൊ.മ.വ- മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീ കെ.കെ.രഞ്ജിത്തിനെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

സൂചന:- 1. 30/09/2015 ലെ കത്ത് നമ്പർ E1/543/15

2. 31/01/2008 ലെ ഉത്തരവ് നമ്പർ എസ് സി4/5424/07

3. നോട്ടീസ് നമ്പർ എസ്.സി4/19710/15 തീയതി 12/10/2015

**ഉത്തരവ് നമ്പർ എസ്.സി4/19710/15 തീയതി 13/11/2015**

സൂചന (1) ലെ കത്തിലൂടെ പൊതുമരാമത്ത് വകുപ്പ്, നാഷണൽഹൈവേ ഡിവിഷൻ കണ്ണൂരിലെ മൂന്നാംഗ്രേഡ് ഓവർസിയർ, ശ്രീ കെ.കെ.രഞ്ജിത്തിനെ മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 31/03/90 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടിയാന്റെ നിവേദനവും സേവനപുസ്തകവും ബന്ധപ്പെട്ട മേലധികാരി ലഭ്യമാക്കിയിട്ടുണ്ട്.

ആയത് പരിശോധിച്ചതിൻപ്രകാരം ടിയാൻ പൊതുമരാമത്തു വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 01/11/1988 ലെ ഉത്തരവ് നമ്പർ EC5/62925/88 പ്രകാരം ആശ്രിതനിയമനം വഴി മൂന്നാംഗ്രേഡ് ഓവർസിയറായി 16/11/1988 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു. പൊതുമരാമത്തുവകുപ്പിലെ മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 29/03/1990 ലെ G.O (P) No.27/90 പ്രകാരമുള്ള ബൈഫർകേഷൻ ലിസ്റ്റിൽ ക്രമനമ്പർ 1436 ആയി പൊതുമരാമത്തുവകുപ്പ് ഓപ്റ്റു ചെയ്തിട്ടുള്ളതുമാകുന്നു.

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടിയാനെ സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 31/03/1990 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 585(എ) എന്ന് റാങ്ക് നിശ്ചയിച്ച് ഇതിനാൽ ഉൾപ്പെടുത്തുന്നതോടൊപ്പം ടി ലിസ്റ്റിൽ 585(എ) ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.സി.എസ്.സുരേഷ്കുമാർ, ശ്രീ.കെ.കെ.രഞ്ജിത്തിന്റെ ജൂനിയർ ആയതിനാൽ ടിയാന്റെ റാങ്ക് 585(ബി) എന്ന് ഇതിനാൽ പുനർനിർണ്ണയിക്കുന്നു.

ടി തീരുമാനങ്ങൾ സൂചന 3 പ്രകാരമുള്ള നോട്ടീസിലൂടെ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പരാതിയോ, ആക്ഷേപമോ ഉള്ള ജീവനക്കാർക്ക് ആയത് സമർപ്പിക്കുന്നതിന് രണ്ടാഴ്ച സമയം അനുവദിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ സമയബന്ധിതമായോ നാളിതുവരെയോ യാതൊരുവിധ പരാതികളും ലഭിച്ചിട്ടില്ലാത്തതിനാൽ ടി തീരുമാനം ഇതിനാൽ അന്തിമമായി കൈക്കൊള്ളുന്നു.

| റാങ്ക് നമ്പർ | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | പി.എസ്സ്.സി അഡ്വൈസ്/നിയമന ഉത്തരവ് | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|
| 585(എ) | കെ.കെ.രഞ്ജിത്ത് | 01/06/1966 | SSLC, NTC D'man Civil | EC5/62925/88 dated 01/11/1988 | 16/11/1988 |

ഒപ്പ്/-
ചീഫ് എഞ്ചിനീയർ
ഭരണവിഭാഗം

സ്വീകർത്താവ്
മേലധികാരി മുഖേന വ്യക്തിക്ക്

പകർപ്പ്
ഐറ്റി.സെൽ/ ഇബി4എ സെക്ഷൻ/സ്റ്റോക്ക്/സ്പെയർ

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(പി.എഫ്)

SR